LIBRARY ARCHIVES Kerala Legislative Assembly

മന്നം ഷുഗർ മിൽ

16 [470] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം നിയോജകമണ്ഡലത്തിലെ പ്രമുഖ വ്യവസായ സ്ഥാപനമായിരുന്ന പന്തളം മന്നം ഷുഗർ മില്ലിന്റെ ശോചനീയാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) മന്നം ഷുഗർ മില്ലിന്റെ വിപുലമായ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നല്ല തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) കമ്പനിയുടെ പശ്ചാത്തല സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന തരത്തിൽ പുതിയ വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

ഷൊർണ്ണൂരിലെ ഇരുമ്പുരുക്കു വ്യവസായങ്ങൾ

17 [471] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂരിൽ തകർച്ച നേരിടുന്ന ഇരുമ്പുരുക്കു വ്യവസായങ്ങളെ രക്ഷിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഷൊർണ്ണൂർ മേഖലയിൽ ഇരുമ്പുരുക്ക് അടിസ്ഥാന അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന കാർഷികോപകരണ വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഈ മേഖലയിലെ ഇത്തരം വ്യവസായസ്ഥാപനങ്ങൾ ചേർന്ന് കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ കൺസോർഷ്യം അസംസ്കൃത വസ്തുക്കളുടേയും ഇന്ധനങ്ങളുടേയും സംഭരണ വിതരണ കേന്ദ്രം

ആരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള കോമൺ ഫെസിലിറ്റി സെന്ററിലെ സൗകര്യങ്ങൾ ഈ മേഖലയിലെ ഇത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി സെന്ററിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ സെന്ററിന്റെ പ്രവർത്തനങ്ങൾ ഭാവിയിൽ വിപുലപ്പെടുത്താനും ഉദ്ദേശ്യമുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ആസ്ട്രാൽ വാച്ചസ്

18 [472] **ശ്രീ. കെ. വി. കുഞ്ഞിരാമൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആസ്ട്രൽ വാച്ചസ് ഇപ്പോൾ തുറന്ന് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എത്ര തൊഴിലാളികളാണ് ഈ ഫാക്ടറിയിൽ ഉള്ളത്; അതിൽ സ്ത്രീകൾ എത്ര; പുരുഷന്മാർ എത്ര;

(സി) പ്രസ്തുത ഫാക്ടറി അടച്ചുപൂട്ടലുമായി ബന്ധപ്പെട്ട് തൊഴിലാളി യൂണിയനുമായി സർക്കാർ എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഫാക്ടറി സംബന്ധിച്ച് ഇനി എന്തു നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആകെ 88 പേർ. സ്ത്രീകൾ 82, പുരുഷന്മാർ 6.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) സർക്കാർ തീരുമാനമനുസരിച്ച് സ്വകാര്യ സംരംഭകരെ ക്ഷണിച്ചു കൊണ്ട് പരസ്യം ചെയ്തിരുന്നു. തുടർന്ന് കമ്പനിയിൽ 100 ശതമാനം നിക്ഷേപത്തിന് താൽപ്പര്യം പ്രകടിപ്പിച്ചുകൊണ്ട് ഒരു അപേക്ഷ ലഭിച്ചു. അത് സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly